**ഓൺലൈൻ രജിസ്ട്രേഷനുള്ള നിർദ്ദേശങ്ങൾ**

**www.cuonline.ac.in സന്ദർശിക്കുക**

**സെൻട്രലൈസ്ഡ് അഡ്മിഷൻ തുടർച്ചയായപ്രോസസ്സ് മുഖാന്തരമുള്ള ഒന്നാം വർഷ ഡിഗ്രി അഡ്മിഷൻ തുടർച്ചയായ രണ്ടു ഘട്ടങ്ങളായിട്ടാണ് നടത്തുന്നത്**

ഒന്നാം ഘട്ടം : ഫീസ് അടയ്ക്കുക. ഓൺലൈൻ വഴി മാത്രം

രണ്ടാം ഘട്ടം : ഓൺലൈൻ അപ്ലിക്കേഷൻ സമർപ്പണം

**താഴെപറയുന്ന രേഖകൾ തയ്യാറാക്കി വെക്കുക**

1. ജനന തീയതി : എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ കോപ്പി
2. മൊബൈൽ നമ്പർ : (അപേക്ഷകന്റെയോ/ അപേക്ഷകന്റെ മാതാപിതാക്കളുടെയോ/ രക്ഷകർത്താവിന്റെയോ മാത്രം സമർപ്പിക്കുക.) ഒരു കാരണവശാലും ഇന്റർനെറ്റ് കഫേ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റു ഏജൻസികളുടെയോ മൊബൈൽ നമ്പർ നൽകരുത്.
3. ഇ-മെയിൽ : (അപേക്ഷകന്റെയോ/ അപേക്ഷകന്റെ മാതാപിതാക്കളുടെയോ/ രക്ഷകർത്താവിന്റെയോ മാത്രം സമർപ്പിക്കുക.) ഒരു കാരണവശാലും ഇന്റർനെറ്റ് കഫേ, അപേക്ഷ പൂരിപ്പിക്കുന്നതിനായി സമീപിച്ചിട്ടുള്ള മറ്റു ഏജൻസികളുടെയോ ഇ-മെയിൽ ഐ.ഡി. നൽകരുത്. ഇ-മെയിൽ ഇല്ലാത്തവർ ഒരു ഐ.ഡി. ഉണ്ടാക്കുക.
4. അപേക്ഷ ഫീസ് : ജനറൽ കാറ്റഗറി വിദ്യാർത്ഥികൾക്ക് രൂപ 250/-
   എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് രൂപ 100/-

ഫീസ് അടയ്ക്കുന്നതിനെ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിക്കുക

1. https://www.uoc.ac.in URL ഉപയോഗിക്കുക
2. വെബ്ബ് സൈറ്റിന്റെ താഴെ കൊടുത്തിട്ടുള്ള instant pay ക്ലിക്ക് ചെയ്യുക.
3. 1 മുതൽ 7 വരെ കാണുന്ന വിവരങ്ങൾ രേഖപ്പെടുത്തുക. (മൊബൈൽ നമ്പർ & ഇ-മെയിൽ എന്നിവ (അപേക്ഷകന്റെയോ/ രക്ഷാകർത്താവിന്റെയോ മാത്രം രേഖപ്പെടുത്തുക.
4. ഫീസ് അടയ്ക്കാൻ ഉദ്ദേശിക്കുന്ന വിധം രേഖപ്പെടുത്തുക.
   കേരളത്തിലെ അപേക്ഷകർക്ക് താഴെ പറയുന്ന വിധത്തിൽ ഫീസ് അടയ്ക്കാവുന്നതാണ്.
   a) എസ്.ബി.ടി ഓൺലൈൻ പേയ്മെന്റ് (ഇന്റർനെറ്റ് പേയ്മെന്റ്

സൗകര്യമുള്ളവർക്ക് മാത്രം)

b) നോഡൽ സെന്റർ (കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ കോളേജുകളിൽ നോഡൽ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.)

c) അക്ഷയകേന്ദ്രങ്ങൾ

d) ജനസേവന കേന്ദ്രങ്ങൾ

കേരളത്തിന്റെ പുറത്തുനിന്നുള്ളവർ

i) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (ഇന്റർനെറ്റ് പേയ്മെന്റ് സൗകര്യമുള്ളവർക്ക് മാത്രം)

ii) ഇ-ചെലാൻ (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ)

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഓൺലൈൻ പേയ്മെന്റ് തിരഞ്ഞെടുക്കുന്നവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

a) എസ്.ബി.ടി ഓൺലൈൻ പേയ്മെന്റ് (ഇന്റർനെറ്റ് പേയ്മെന്റ് സൈറ്റിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഫീസ് അടയ്ക്കുക.)

b) ഫീസ് അടച്ച ഉടനെ തന്നെ റെജിസ്ട്രേഷൻ സമയത്ത് സമർപ്പിച്ച മൊബൈൽ നമ്പറിലേക്ക് CAP ഐ.ഡി നമ്പർ, പാസ് വേർഡ് എന്നിവ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

**എസ്.എം.എസ്. ലഭിച്ച ഉടനെ ഓൺലൈൻ അപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.**

ഇ-ചെലാൻ പേയ്മെന്റ് രീതി തിരഞ്ഞെടുത്തവർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക. (കേരളത്തിനു പുറത്തുള്ളവർ മാത്രം)

എസ്.ബി.ടി ഇ-ചെലാൻ തിരഞ്ഞെടുത്തവർക്ക് 2 മുതൽ 6 മണിക്കൂറുനുള്ളിൽ പണം അടക്കാൻ നിർദ്ദേശിച്ച്കൊണ്ട് ഒരു എസ്.എം.എസ്. ലഭിക്കും. പ്രസ്തുത എസ്.എം.എസ്. ലഭിച്ചതിന് ശേഷം മാത്രമേ പണം അടയ്ക്കാൻ സാധിക്കുകയുള്ളൂ. പണം അടച്ചതിന് 24 മണിക്കൂറിന്ശേഷം വീണ്ടും ഒരു എസ്.എം.എസ്. ലഭിക്കും. പ്രസ്തുത എസ്.എം.എസ്സിൽ ഐ.ഡി നമ്പർ & പാസ് വേർഡ് ലഭ്യമായിരിക്കും. ഇതിനുശേഷം ഓൺലൈൻ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**രണ്ടാം ഘട്ടം : ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ താഴെ പറയുന്ന രേഖകൾ തയ്യാറാക്കി വെക്കുക**

1. ഐ.ഡി നമ്പർ, പാസ് വേർഡ് (മൊബൈലിൽ ലഭിച്ചത്)
2. +2 മാർക്ക് ലിസ്റ്റ്

3. 40 kb യിൽ താഴെയുള്ള jpg ഫോർമാറ്റിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോ.
4. അപേക്ഷിക്കാൻ ഉദ്ദേശിക്കുന്ന കോളേജ് - കോഴ്സ്, മുൻഗണന പ്രകാരം തയ്യാറാക്കുക. ഒരു അപേക്ഷകന് വിവിധ കോളേജുകളിൽ നിന്നുമായി 20 കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്. കോളേജ് - കോഴ്സ്, എന്നിവയുടെ വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. കോളേജ് തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത കോഴ്സ് സ്വാശ്രയകോഴ്സാണോ എന്ന് ശ്രദ്ധിക്കുക. സ്വാശ്രയ കോളേജുകളിൽ ഫീസ് മറ്റ് ഗവണ്മെന്റ്, എയിഡഡ് കോളേജിൽ നിന്നും വ്യത്യസ്തമായിരിക്കും.
5. ബി.പി.എൽ വിഭാഗത്തിൽ അപേക്ഷിക്കുന്ന മുന്നോക്ക സമുദായക്കാർ വരുമാന സർട്ടിഫിക്കറ്റ് തയ്യാറാക്കി വെക്കേണ്ടതാണ്.

ഓൺലൈൻ റെജിസ്ട്രേഷൻ നടത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

**1.** www.cuonline.ac.in എന്ന വെബ്ബ് സൈറ്റ് വഴി CAP ൽ പ്രവേശിക്കുക. നാല് സ്റ്റേജിലായാണ് ഓൺലൈൻ അപ്ലിക്കേഷൻ സമർപ്പണം നടക്കുക.

**Step (1)**

a) ഫോട്ടോ അപ്പലോഡ് ചെയ്യുക.

**Step (2)**

**A) പ്രാഥമിക വിവരങ്ങൾ**

**ഒഴിഞ്ഞ കോളങ്ങളിൽ പ്രസക്ത വിവരങ്ങൾ സമർപ്പിക്കുക**

**B) വ്യക്തിഗത വിവരങ്ങൾ**

1. സംവരണവിഭാഗക്കാർ യഥാർത്ഥത്തിൽ അർഹതപ്പെട്ടത് മാത്രം നൽകുക, അല്ലാത്തപക്ഷം പ്രവേശനം നിരസിക്കുന്നതായിരിക്കും. (വരുമാന സർട്ടിഫിക്കറ്റ്, നോൺക്രീമിലെയർ സർട്ടിഫിക്കേറ്റ് അഡ്മിഷൻ സമയത്ത് സമർപ്പിക്കേണ്ടതാണ്.)
2. ബി.പി.എൽ വിഭാഗക്കാർ വരുമാന സർട്ടിഫിക്കറ്റിന്റെ ഉത്തരവ് നമ്പർ, തിയ്യതി, സർട്ടിഫിക്കറ്റ് നല്കിയ അധികാരി എന്നിവ രേഖപ്പെടുത്തുക. പ്രസ്തുത സർട്ടിഫിക്കറ്റ് അഡ്മിഷൻ സമയത്ത് കോളേജിൽ സമർപ്പിക്കേണ്ടതാണ്.
3. വെയ്റ്റേജ് വിവിധ തരത്തിലുള്ള വെയ്റ്റേജിന് അർഹരായിട്ടുള്ള അപേക്ഷകർ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതാണ്.

ഇതുവരെ എന്റർ ചെയ്ത വിവരങ്ങൾ ഇപ്പോൾ എഡിറ്റ് ചെയ്യാവുന്നതാണ്. എഡിറ്റ് ചെയതതിന് ശേഷമോ അല്ലാതെയോ അടുത്ത സ്റ്റേജിലേക്ക് പോകുന്നതിനായി "SAVE AND PROCEED" ക്ലിക്ക് ചെയ്യുക.

**Step(3)**

1).ഈ സ്റ്റേജിൽ എത്ര തവണ എടുത്താണ് പരീക്ഷ പാസായത് എന്ന് രേഖപ്പെടുത്തുക.ആദ്യതവണയ്ക്ക് ശേഷം തുടർന്ന് എടുത്തിട്ടുള്ള ഓരോ തവണയ്ക്കും 10 മാർക്ക് വീതം നഷ്ടമാവുന്നതാണ്.

2)+2 പരീക്ഷയുടെ ബോർഡ് രേഖപ്പെടുത്തുക.

3)+2 പരീക്ഷയുടെ സ്കീം തിരഞ്ഞെടുക്കുക. (സയൻസ്,ഹ്യുമാനിറ്റീസ്, കൊമേഴ്സ്, എന്നിവ) ഓരോ സ്കീമിനു കീഴിൽ വരുന്ന വിവിധ കോംബിനേഷൻ തിരഞ്ഞെടുക്കുക.

4)2016 വർഷം VHSE, HSE പാസ്സായ വിദ്യാർത്ഥികളുടെ മാർക്ക് സ്ക്രീനിൽ ലഭ്യമായിരിക്കും. മറ്റുള്ളവർ ആയ രേഖപ്പെടുത്തുക.

5)മാർക്ക് എൻട്രി : മാർക്ക് രേഖപ്പടുത്തുമ്പോൾ അതീവശ്രദ്ധ ചെലുത്തേണ്ടതാണ്.

6)ഈ സ്റ്റേജിൽ രേഖപ്പടുത്തിയ വിശദാംശങ്ങൾ ഇപ്പോൾ എഡിറ്റ് ചെയ്യാവുന്നതാണ്.

അടുത്ത സ്റ്റേജിലേക്ക് പോകുന്നതിനായി "SAVE AND PROCEED" ക്ലിക്ക് ചെയ്യുക.

**സ്റ്റേജ് (4)**

ഈ സ്റ്റേജിൽ നിങ്ങൾ ഉദ്ദേശിക്കുന്ന കോളേജ്, കോഴ്സ് എന്നിവ രേഖപ്പടുത്താവുന്നതാണ്.

മുൻഗണനാക്രമത്തിൽ നേരത്തെ തയ്യാറാക്കിവെച്ച കോളേജ്, കോഴ്സ് ലിസ്റ്റ് എന്റർ ചെയ്യുക.

എയിഡഡ്/സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കാൻ മാത്രം ഉദ്ദേശിക്കുന്നവർ പ്രസ്തുത വിവരം രേഖപ്പെടുത്തുക. ജനറൽ അലോട്ടമെന്റിന് ഇവർ പരിഗണിക്കപ്പെടുന്നതല്ല. സമർപ്പിച്ച ഓപ്ഷൻ കാണാവുന്നതും എഡിറ്റ് ചെയ്യുകയും, അതല്ലെങ്കിൽ സമർപ്പിക്കാവുന്നതുമാണ്.

വെരിഫിക്കേഷൻ പ്രിന്റ് ഔട്ട് എടുത്ത് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തുക.

## എഡിറ്റിംഗ്

ഓരോ വിദ്യാർത്ഥിക്കും അപേക്ഷ "അന്തിമ സമർപ്പണം" നടത്തുന്നത് വരെ എഡിറ്റ് ചെയ്യുന്നതിനുള്ള അവസരം ഉണ്ടായിരിക്കും. അന്തിമ സമർപ്പണത്തിനു ശേഷം എന്തെങ്കിലും എഡിറ്റ് ചെയ്യുന്നതിന് വിവിധ കോളേജുകളിൽ പ്രവർത്തിക്കുന്ന നോഡൽ

സെന്ററുകളിൽ മാത്രമേ സാധിക്കുകയുള്ളൂ.

ആയതിനാൽ വെരിഫിക്കേഷൻ പ്രിന്റ് ഔട്ട് എടുത്ത് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം അന്തിമ സമർപ്പണം നടത്തുക.

അപേക്ഷയുടെ അന്തിമ സമർപ്പണത്തിനുശേഷം പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രിന്റൗട്ട് ഉൾപ്പെടെ ഒരു രേഖയും യൂണിവേഴ്സിറ്റിയിലേക്ക് അയക്കേണ്ടതില്ല. അപേക്ഷയും ഓൺലൈൻ പേയ്മെന്റ് രശീത്/ചെലാൻ രശീതിന്റെ കോളേജ് കോപ്പി എന്നിവ അഡ്മിഷൻ എടുക്കുന്ന കോളേജിൽ സമർപ്പിക്കേണ്ടതാണ്.

മാനേജ്മെന്റ് കമ്മ്യൂണിറ്റി വികലാംഗ സ്പോർട്സ് ക്വാട്ടകളിലേക്ക് അപേക്ഷിക്കുന്നവർ കോളേജിൽ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പായി നിർബന്ധമായും CAP വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കമ്മ്യൂണിറ്റി ക്വോട്ട**

കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് അപേക്ഷിക്കാൻ ഉദ്ദേശിക്കുന്നവർക്ക് താത്പര്യമുള്ള കോളേജുകൾ തിരഞ്ഞെടുക്കാവുന്നതാണ്. കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് അപേക്ഷിക്കാൻ താത്പര്യമുണ്ടോ എന്ന് ചോദ്യം/ഓപ്ഷൻ ആദ്യം ക്ലിക്ക് ചെയ്യുക.

പിന്നീട് കോളേജ് ഓപ്ഷൻ തിരഞ്ഞെടുത്തതിനുശേഷം മേൽപറഞ്ഞ പ്രകാരം കമ്മ്യൂണിറ്റി ക്വോട്ടയിലേക്ക് ഓപ്ഷൻ നല്കിയവർക്ക് അവർക്ക് അർഹതയുള്ള കോളേജുകളിലേക്ക് കമ്മ്യൂണിറ്റി ക്വോട്ടയിൽ അപേക്ഷിക്കുന്നതിന് അവസരമുണ്ടായിരിക്കും.

**<u>പ്രത്യേക ശ്രദ്ധക്ക്</u>**

- രജിസ്ട്രേഷന്റെ വേളയിൽ ഏതെങ്കിലും സ്റ്റേജിൽ പിന്നിട് തുടരാം എന്ന് ഉദ്ദേശിക്കുന്ന പക്ഷം Logout ചെയ്യുക.
- രജിസ്ട്രേഷന്റെ വേളയിൽ ഒരു കാരണവശാലും ബാക്ക് ബട്ടൺ ഉപയോഗിക്കരുത്.
- രജിസ്ട്രേഷന് ഉപയോഗിക്കുന്ന കംപ്യൂട്ടർ ഐ.പി.അഡ്രസ്സ് യൂണിവേഴ്സിറ്റി ശേഖരിക്കുന്നതും, കുറ്റകരമായ ക്രമക്കേടുകൾ ബോധപൂർവ്വമായി വരുത്തുന്നത് സൈബർ നിയമപ്രകാരം ശിക്ഷാർഹവുമാണ്.
  ഏതങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ സമർപ്പിക്കുന്നത് കുറ്റകരവും, അഡ്മിഷൻ റദ്ദ് ചെയ്യുന്നതിന് കാരണമാവുകയും ചെയ്യുന്നതാണ്. സമർപ്പിക്കുന്ന വിവരങ്ങൾ ശരിയാണ് എന്ന് ഉറപ്പുവരുത്തേണ്ടത് അപേക്ഷകന്റെ ഉത്തരവാദിത്തമാണ്.